വ്യവസ്ഥയിൽ നടപ്പിലാക്കിവരുന്നു.

ഇതിന് പുറമെ 2014-ൽ കേരള സർക്കാർ ആവിഷ്കരിച്ച KSEB Ltd നടപ്പിലാക്കിവരുന്ന പദ്ധതിയാണ് കേരള പവർ ഇംപ്രൂവ്മെന്റ് സ്കീം (KPIS). 45.79 കോടി രൂപ അടങ്കൽ തുകയുള്ള ഈ പദ്ധതി കരുനാഗപ്പള്ളി, നിലമ്പൂർ, കോട്ടയ്ക്കൽ, നീലേശ്വരം എന്നീ മുനിസിപ്പാലിറ്റികളിലും മാവേലിക്കര, ചെങ്ങന്നൂർ, പാല, വൈക്കം, അടൂർ, മൂവാറ്റുപുഴ, നോർത്ത് പറവൂർ, പെരുമ്പാവൂർ, ഇരിങ്ങാലക്കുട, കുത്തുപറമ്പ, തലശ്ശേരി, കൽപ്പറ്റ എന്നീ ഠൗണുകളിലും നടപ്പിലാക്കിവരുന്നു. പ്രസരണ-വിതരണ വാണിജ്യ നഷ്ടം 15% ത്തിൽ താഴെയാക്കി കുറയ്ക്കുവാനും ഗുണമേന്മയുള്ള വൈദ്യുതി എല്ലാ ഉപഭോക്താക്കൾക്കും ലഭ്യമാക്കാനും ഈ പദ്ധതി ലക്ഷ്യമിടുന്നു.

കേന്ദ്രാവിഷ്കൃത പദ്ധതിയായ രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ യോജന പദ്ധതി, തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ എന്നീ 7 ജില്ലകളിൽ 89.83 കോടി രൂപ ചെലവിൽ നടപ്പിലാക്കുന്നതിനുള്ള അംഗീകാരം കേന്ദ്ര സർക്കാരിൽനിന്നും ലഭിച്ചു. ഇതുപ്രകാരം ഗ്രാമങ്ങളിലെ 18900 ബി.പി.എൽ. കുടുംബങ്ങളുടെ ഭവനങ്ങൾ വൈദ്യുതീകരിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

വൈദ്യുതി നിരക്ക് വർദ്ധനവും വരുമാനവും

32 (372) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്തെ വൈദ്യുതി നിരക്ക് പുതുക്കി നിശ്ചയിച്ചതിലൂടെ ഇലക്ട്രിസിറ്റി ബോർഡിന് എത്ര അധിക വരുമാനമാണ് പ്രതിമാസം ലഭിക്കുന്നത് എന്ന് കണക്കാക്കിയിട്ടുണ്ടോ ; ബോർഡിന്റെ വരുമാനത്തിൽ കറണ്ട് ചാർജ് കുടിശ്ശികയിനത്തിൽ 2014-15 സാമ്പത്തിക വർഷം ഇതിനകം എത്രയുക ലഭ്യമായി എന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

LIBRARY ARCHIVES Kerala Legislative Assembly

16-8-2014 മുതൽ നടപ്പിലാക്കിയ താരിഫ് വർദ്ധനവിലൂടെ പ്രതിമാസം 80 കോടിയോളം രൂപ അധിക വരുമാനമായി ലഭിക്കുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

എച്ച്.റ്റി. ഇ.എച്ച്.റ്റി. വിഭാഗത്തിൽ, 2014-15 സാമ്പത്തിക വർഷം നാളിതുവരെ ദീർഘകാലമായി കടിശ്ശിക ആയിരുന്ന ഉപഭോക്താക്കളിൽനിന്നും 7.01 കോടി രൂപ പിരിച്ചെടുക്കാൻ കഴിഞ്ഞിട്ടുണ്ട്.

LT വിഭാഗത്തിൽ 2014-15 സാമ്പത്തിക വർഷം കറണ്ട് ചാർജ്ജ് കടിശ്ശികയിനത്തിൽ ലഭ്യമായ തുക സംബന്ധിച്ച വിവരം ശേഖരിച്ച് നൽകുന്നതാണ്.

വൈദ്യുതി നിരക്ക് വർദ്ധന

33 (373) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ സർക്കാർ അധികാരമൊഴിയുമ്പോൾ ഗാർഹിക ഉപഭോക്താക്കളുടെയും വൻകിട ഉപഭോക്താക്കളുടെയും വൈദ്യുതി നിരക്ക് എത്രയായിരുന്നു ; വിശദാംശങ്ങൾ അറിയിക്കുമോ ?

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൈദ്യുതി നിരക്ക് എത്ര പ്രാവശ്യം വർദ്ധിപ്പിച്ചു ; വിശദാംശങ്ങൾ നൽകാമോ ;

(സി) നിരക്ക് വർദ്ധനമൂലം ഗാർഹിക ഉപഭോക്താവിനും ,വൻകിട ഉപഭോക്താവിനും വന്നിട്ടുള്ള അധിക സാമ്പത്തിക ബാദ്ധ്യത എത്രയാണെന്ന് വിശദമാക്കാമോ ;

(ഡി) ഇനിയും വൈദ്യുതി നിരക്ക് വർദ്ധിപ്പിക്കുന്ന വിഷയം പരിഗണനയിലുണ്ടോ ; വിശദാംശങ്ങൾ അറിയിക്കുമോ ?

ഉത്തരം

(എ) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. *

(ബി) 3 പ്രാവശ്യം. അതായത് 2012 ജൂലൈ ഒന്നാം തീയതി മുതലും 2013 മെയ് ഒന്നാം തീയതി മുതലും 2014 ആഗസ്റ്റ് 16-ാം തീയതി മുതലും താരിഫ് വർദ്ധിപ്പിച്ചുകൊണ്ട് ഉത്തരവിറക്കിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം-2 ആയി കൊടുത്തിരിക്കുന്നു. *

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly